(Pages : 4) **G – 2503**

Reg. No. : ...............................

Name : ..................................

# Second Semester B.Com. Degree Examination, May 2019

## First Degree Programme under CBCSS

## Language Course

## Additional Language II – Malayalam

## ML 1211.2 : കവിത, കഥ, ഉപന്യാസം, വിവർത്തനം

## (2018 admission)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. 'മലയാളസാഹിത്യത്തിലെ ഓർഫ്യൂസ്' എന്നു ചങ്ങമ്പുഴയെ വിശേഷിപ്പിച്ചതാര്?

2. വൈലോപ്പിള്ളിയുടെ ആദ്യകവിതാസമാഹാരം ഏത്?

3. വിജയന്റെ ക്യാമ്പസിലെ പൊതുഭക്ഷണശാലയുടെ പേരെന്ത്?

4. 'കൂട്ടുകൃഷി' എന്ന നാടകം രചിച്ചതാര്?

5. 'ബർത്ത് ഓഫ് എ നേഷൻ' എന്ന ചിത്രത്തിൽ ക്രോസ്കട്ടിങ് സങ്കേതം ആദ്യമായുപയോഗിക്കാൻ പ്രേരണ നല്കിയത് ആരുടെ നോവലുകളാണ്?

6. ഋഷ്യശൃംഗന്റെ പിതാവ് ആര്?

7. കാരൂർക്കഥകളെ സി.ജെ. തോമസ് വിശേഷിപ്പിച്ചതെങ്ങനെ?

P.T.O.

8. 'സീതാലക്ഷ്മി' ആരുടെ നാടകമാണ്?

9. ''നിങ്ങൾ കണ്ടോ...പൊലയന്റെ മോൻ ജാതിപ്പേരല്ലെന്ന് ഞാൻ കോടതിയിൽ തെളിയിക്കും'' - പറഞ്ഞതാര്?

10. ഇ-ബുക്ക് റീഡറുകളുടെ ഉപരിതലം നിർമ്മിച്ചിരിക്കുന്ന സാങ്കേതികവിദ്യ ഏത്?

**(10 × 1 = 10 Marks)**

II. ഒരു ഖണ്ഡികയിൽ കവിയാതെ **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. 'വിലസീ വിമലേ ചെറിയൊരു പനിനീ-

രലർ ചൂടിയ നിൻ ചികുരഭരം' - എന്തുപോലെ? കാവ്യഭംഗി വ്യക്തമാക്കുക.

12. 'പാറക്കെട്ടിന്റെ കൊച്ചുപിളർപ്പിലെ-

ക്കിളിവാതിലപ്പോൾ തുറന്നു പൂതം' - പൂതം കണ്ട കാഴ്ചയെന്ത്?

13. 'പുത്രനോതി ഞാൻ വിശ്വസിക്കുന്നു

മർത്ത്യവീര്യമീയദ്രിയെ വെല്ലും' - സന്ദർഭവും ആശയവും വ്യക്തമാക്കുക.

14. ''ഇതെന്നോടെന്തിനാ പറയുന്നത്? ബാപ്പയോടു ചെന്നു പറയൂ'' പറഞ്ഞതാര്? സന്ദർഭം വ്യക്തമാക്കുക.

15. ''വിട് ഭായിസാബ്, അങ്ങനെ വിചാരിക്കുന്നെങ്കിൽ വിചാരിക്കട്ടെ. ഒരു മതിപ്പ് തോന്നട്ടെ'' - സന്ദർഭം വ്യക്തമാക്കുക.

16. 'നിന്റെ തീവ്രമായ ദാഹത്തിൽ നിന്ന് ജേർക്ക് എന്ന പദവിയിലേക്ക് ഇനിയെത്രദൂരം'? - സൂചിതമെന്ത്?

17. ''പിന്നെ എങ്ങനെയാണ് ജനങ്ങൾക്കെന്നെ മനസ്സിലാകുന്നത്'' - സന്ദർഭവും ആശയവും വ്യക്തമാക്കുക.

18. ''ആ നിഷ്കൃഷ്ട നിരോധനങ്ങളുടെ നിസ്സാരതയെ ഉദാഹരിക്കയാണല്ലോ കവി ചെയ്തത്'' - സൂചിതമെന്ത്?

19. ''ഈ ഭ്രാന്തിനെയാണ് ഗുരു പ്രബോധനപരമായ ആലോചനകൾക്കു വിഷയമാക്കിയത്'' - ഏതു ഭ്രാന്തിനെ?

20. വായനയുടെ പരമ്പരാഗതധാരണകളെ ഇ-വായന അട്ടിമറിക്കുന്നതെങ്ങനെ?

21. വിവർത്തനം (Translation), ലിപ്യന്തരണം (Transliteration) എന്നിവ തമ്മിലുള്ള വ്യത്യാസമെന്ത്?

22. മലയാളത്തിലേക്കു വിവർത്തനം ചെയ്യുക.

"The beauty of the poem is the flowering of the whole plant, and needs the stalk, the leaf and the hidden roots".

**(8 × 2 = 16 Marks)**

III. **120** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. ഉണ്ണിയെ വിട്ടുകൊടുക്കാതിരിക്കാൻ പൂതമെടുത്ത അടവുകൾ എന്തെല്ലാം?

24. മനുഷ്യനാരായങ്ങൾ ജയിൽ നിർമ്മിക്കുകയല്ലേ ചെയ്യുന്നതെന്നു ലേഖകൻ ചോദിക്കുന്നതെന്തുകൊണ്ട്?

25. വിനീതയുടെ സന്ദേശങ്ങൾ വിജയന്റെ ജീവിതത്തെ പ്രതിഫലിപ്പിക്കുന്നതെങ്ങനെ?

26. കവിതയുണരുന്ന നിമിഷത്തിന്റെ ദിവ്യാനുഭൂതിയെ കവി മനസ്വിനിയിൽ ആവിഷ്ക്കരിക്കുന്നതെങ്ങനെ?

27. ''ഒരു പട്ടിയെപ്പോലെ ഞാനിതു ചെയ്തത് എന്തുകൊണ്ടാണെന്നു നിങ്ങളൊന്ന് ആലോചിച്ചു നോക്കൂ''. എന്താണ് ചെയ്തത്? സന്ദർഭവും ആശയവും വിശദമാക്കുക.

28. ''നശിച്ച വർഗ്ഗങ്ങൾ. പാവപ്പെട്ടവനെന്തെങ്കിലും ഗുണം ചെയ്യുന്നത് ഇവറ്റകൾ ചെയ്യില്ല'' - സന്ദർഭവും അർത്ഥതലങ്ങളും വ്യക്തമാക്കുക.

29. ''എന്തൊരു വ്രതചര്യയാണ് അദ്ദേഹത്തിന്റേത്. ഞാൻ അദ്ദേഹത്തോടൊപ്പം തപസ്സു ചെയ്യാൻ ആഗ്രഹിക്കുന്നു; ഉഗ്രവ്രതനായ അദ്ദേഹം ചെയ്യുന്നതുപോലെ തന്നെ'' - സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

30. സിനിമയുടെയും സാഹിത്യത്തിന്റെയും ആഖ്യാനസാധ്യതകളെ ലേഖകൻ നോക്കിക്കാണുന്നതെങ്ങനെ?

31. ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്യുക.

നാല്പതിൽപ്പരം കൊല്ലം മുമ്പു താമസിച്ചിരുന്ന കോഴിക്കോട്ടു പട്ടണത്തിൽ വീണ്ടും അന്തിയുറങ്ങാൻ ചെന്നപ്പോഴാണ് ഞങ്ങൾ കണ്ടുമുട്ടിയത്.

''സാറെന്നെ മറന്നില്ലായിരിക്കും''

''നല്ല മുഖപരിചയം. ശബ്ദം ഇന്നലെ കേട്ടപോലെയുണ്ട്. പേരു ചെലപ്പം മറവി കൊണ്ടുപോയിക്കാണും''

''ഒന്നു സൂക്ഷിച്ചോള്ളൂ''

**(6 × 4 = 24 Marks)**

IV. മൂന്നു പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. പ്രകൃതിയുടെയും വിധിയുടെയും മുകളിൽ മനുഷ്യശക്തിയെ പ്രതിഷ്ഠിക്കുന്ന ദർശനമാണ് 'മലതുരക്കലി'ന്റേത് - പരിശോധിക്കുക.

33. ബന്ധങ്ങളുടെ സങ്കീർണ്ണതയും മനുഷ്യജീവിതമെന്ന സമസ്യയും 'പെരുമഴയുടെ പിറ്റേന്നി'ൽ ആവിഷ്കൃതമാകുന്നതെങ്ങനെ?

34. നവോത്ഥാനാനന്തര കേരളത്തിന്റെ മുഖംമൂടികൾ പ്രഹസനസ്വഭാവത്തിൽ ചിത്രീകരിക്കുന്ന ശക്തമായ രചനയാണ് 'പന്തിഭോജനം' - പരിശോധിക്കുക.

35. ശ്രീനാരായണഗുരു, ചരിത്രത്തെ അഗാധമാക്കിയതെങ്ങനെയെന്ന് കെ.പി. അപ്പന്റെ ലേഖനത്തെ മുൻനിർത്തി ഉപന്യസിക്കുക.

**(2 × 15 = 30 Marks)**

---